**പതിമൂന്നാം കേരളനിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.14 | 09.03.2015 ന് മറുപടിയ്ക്ക്.

## വനങ്ങളുടെ ജൈവ വൈവിദ്ധ്യ സംരക്ഷണം

ചോദ്യം

ശ്രീ.പി.സി.വിഷ്ണുനാഥ്
ശ്രീ.ആർ സെൽവരാജ്
ശ്രീ.വി.റ്റി ബൽറാം
ശ്രീ.ഹൈബി ഈഡൻ

(എ) വനങ്ങളുടെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി)

(എ) വനങ്ങളുടെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാന ഭൂവിസ്തൃതിയുടെ 29.10 ശതമാനം വനഭൂമിയും (ദേശീയ ശരാശരി 19%) ആകെ വന വിസ്തൃതിയിൽ 28.41 ശതമാനം വന്യജീവി (സംരക്ഷണ) നിയമ പ്രകാരം സംരക്ഷിച്ച് വരുന്ന പ്രദേശങ്ങളുമാണ്. വന ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും അംഗീകരിച്ചിട്ടുള്ള കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു.

1. പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണം, പരിപാലനം, വികസനം.
2. വനത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ
3. വനത്തിലും വനേതര ഭൂമിയിലും വൃക്ഷാവരണം വർദ്ധിപ്പിക്കൽ
4. വനത്തിനുള്ളിലും പുറത്തുമുള്ള വന്യജീവികളുടെ സംരക്ഷണവും പരിപാലനവും
5. ഭൗതിക ആവശ്യങ്ങൾക്കായി വനത്തിന്മേലുള്ള ആശ്രിതത്വവും സമ്മർദ്ദവും ലഘൂകരിക്കൽ
6. വനത്തിലുള്ള സസ്യ-ജന്തു ജനസ്സുകളുടെ ജീൻപൂൾ സംരക്ഷണം.
7. ആദിവാസി ഗോത്ര വിഭാഗങ്ങളുടേയും പരമ്പരാഗത വനവാസികളുടേയും ജീവിത നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ.
8. കണ്ടൽക്കാടുകൾ, കാവുകൾ, തീരവനങ്ങൾ, ചതുപ്പ നിലങ്ങൾ, സ്വകാര്യ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾ, വീട്ടു പുരയിടങ്ങൾ എന്നിങ്ങനെയുള്ള വനാതിർത്തിക്കു പുറത്തുള്ള പ്രദേശങ്ങളിൽ ജൈവ വൈവിദ്ധ്യ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.
9. വനത്തിന്റെ ജലഗ്രാഹകശേഷി മെച്ചപ്പെടുത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമുള്ള നടപടികൾ.

10. ജനപങ്കാളിത്ത വനപരിപാലന പ്രക്രിയയിലൂടെ വനസംരക്ഷണത്തിന് സാമൂഹിക പ്രതിരോധ ശേഷി നേടുന്നതിനുള്ള നടപടികൾ.

(ബി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പ്രസ്തുത കർമ്മ പരിപാടികൾ നടപ്പിലാക്കാനുദ്ദേ-ശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ്, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി എന്നിവയിൽ നിന്നും, ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി, ലോകബാങ്ക്, യുണൈറ്റഡ് നാഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം , ഗ്ലോബൽ എൻവിറോൺമെന്റ് ഫെസിലിറ്റി എന്നീ അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാക്കുന്നുണ്ട്. പരിസ്ഥിതി മേഖലയിലെ സന്നദ്ധ സംഘടനകൾ, കേരള കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി സർവ്വകലാശാല, കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാനിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരളാ ബയോ ഡൈവേഴ്സിറ്റി ബോർഡ്, നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി, പെരിയാർ-പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ, സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി തുടങ്ങിയ ഏജൻസികളുടെ സഹായവും ലഭ്യമാക്കിയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കി വരുന്നത്.

സി) ഇതിനായി സ്വീകരിച്ച പ്രാരംഭ നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

(സി) കർമ്മ പരിപാടികൾ നടപ്പിലാക്കി വരികയാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ കർമ്മ പരിപാടികൾ നിർവ്വഹിക്കുന്നതിന് ഭരണ-സാങ്കേതികാനുമതികൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ